**സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്**

**പത്തനംതിട്ട ജില്ല**

**ഉപജില്ലാ അദാലത്ത് സമിതി - 3**

31/01/2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ലാ അദാലത്ത് സമിതി -3 ന്റെ യോഗ മിനിറ്റ്സ്

പങ്കെടുത്തവർ

1. രാഗിമോൾ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ,പത്തനംതിട്ട
2. വിനോദ് എസ് , അസി.എസ്ക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD പറക്കോട് ബ്ലോക്ക് പഞ്ചായത്ത്
3. ഗീത കെ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 ,ടൗൺപ്ലാനിംഗ് ഓഫീസ് ,പത്തനംതിട്ട

പരിഗണിച്ച വിഷയം - കെട്ടിട നമ്പർ അനുവദിക്കുന്നതു സംബന്ധിച്ച്

അദാലത്ത് തീർപ്പ്

പന്തളം നഗരസഭ വാർഡ് നമ്പർ 30 ൽ താമസക്കാരനായ ശ്രീ വിശ്വംഭരൻ ,ചിന്ത മങ്ങാരം എന്ന വ്യക്തി പന്തളം ഗ്രാമ പഞ്ചായത്തായിരുന്നപ്പോൾ 1996 ൽ 194 $m^2$ വീട് പണിയുന്നതിന് ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്നു.താഴത്തെ നിലയുടെ നിർമ്മാണം പൂർത്തിയാക്കി നമ്പർ വാങ്ങി നികുതി അടക്കുകയും ,താമസമാക്കുകയും ചെയ്തു.31.03.2006 ൽ 42 $m^2$ എക്സ്റ്റൻഷൻ ചെയ്യുന്നതിനായി പെർമ്മിറ്റ് എടുത്തു.ടി പെർമിറ്റിൽ എക്സിസ്റ്റിംഗ് ഏരിയ 141 $m^2$ ആയി രേഖപ്പെടുത്തിയിട്ടുണ്ട് .22.12.2009 ൽ വീട് പണി പൂർത്തീകരിച്ച് പ്ലാൻ സമർപ്പിച്ച് റഗുലറൈസ് ചെയ്തിട്ടുള്ളതായി ശ്രീ വിശ്വംഭരൻ പറയുന്നു. ശ്രീ വിശ്വംഭരന്റെ വാസഗൃഹത്തിന് 2007/08 ലെ വസ്തു നികുതി നിർണയ രജിസ്റ്റർ (നമ്പർ 3/292A) പ്രകാരം 260 രൂപ നികുതിയുണ്ട്.രജിസ്റ്ററിൽ ഗ്രൗണ്ട് ഫ്ലോർ മാത്രമാണുള്ളത് എന്നും വസ്തു നികുതി പരിഷ്കരണ സമയത്ത് ഇരുനില കെട്ടിടമായതിനാൽ UA നമ്പർ നൽകുകയുണ്ടായി എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.ടിയാന്റെ വീട് GF 130 $m^2$ FF 43.83 $m^2$ ആണ് എന്നും ടിയാന്റെ കെട്ടിടം ക്രമവൽക്കരണം നടത്തി വസ്തു നികുതി പുതുക്കിയതായി അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും പഴയ വസ്തു നികുതി മാത്രമാണ് ഒടുക്കിപ്പോരുന്നതെന്നും കെട്ടിടത്തിന്റെ completion plan ഓൺലൈനായി ഹാജരാക്കുന്ന മുറയ്ക്ക് കെട്ടിടത്തിന് ഒക്കുപ്പൻസി നൽകി വസ്തു നികുതി പരിഷ്കരിച്ച് നമ്പർ അനുവദിക്കുന്നതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പന്തളം നഗരസഭ 27.10.2023 ൽ നടത്തിയ അദാലത്തിലും പരിഗണിച്ചിട്ടുള്ളതാണെന്നും തീർപ്പുണ്ടായില്ലായെന്നും അപേക്ഷയിൽ പറയുന്നു. എന്നാൽ ശ്രീ വിശ്വംഭരൻ പുതിയ അപേക്ഷയും ,പ്ലാനും നൽകുന്നതിന് വിസമ്മതം അറിയിച്ചു.കൃത്യമായി പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തീകരിച്ച് 2009 ൽ completion plan നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ വീഴ്ചയുണ്ടായിട്ടില്ലെന്നും പഴയ ഫയൽ പരിശോധിച്ച് നമ്പർ നൽകണമെന്നും ആവശ്യപ്പെട്ടു. ടി സാഹചര്യത്തിൽ ശ്രീ വിശ്വംഭരന്റെ അപേക്ഷയിൽ തീരുമാനത്തിനും മേൽ നടപടികൾക്കുമായി ജില്ലാതല സമിതിക്ക് കൈമാറാൻ തീരുമാനിച്ചു.

Ragi

കൺവീനർ &
ഉപജില്ലാ അദാലത്ത് സമിതി - 3
ഇന്റേണൽവിജിലൻസ്ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്,പത്തനംതിട്ട